(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് കരട് നിയമ വ്യവസ്ഥകൾ തയ്യാറാക്കി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത കരട് വിജ്ഞാപനത്തെ ചോദ്യം ചെയ്ത് ബോർഡിന് ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളിന്മേൽ നിയമോപദേശം തേടി നടപടികൾ തുടർന്നുവരികയാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

നഗരപ്രദേശങ്ങളിലെ കൃഷിഭവനുകൾക്ക് പ്രത്യേക കാർഷിക പരിപാടി

* 22 [595] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ കൃഷിഭവനുകൾക്ക് മാത്രമായി പ്രത്യേക കാർഷിക പരിപാടിക്ക് രൂപം കൊടുക്കുമോ;

(ബി) നഗരപ്രദേശങ്ങളിലെ നാമമാത്ര ഭൂമിയിൽ ഭക്ഷ്യവസ്തുക്കൾ കൃഷി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് പ്രോൽസാഹനം നൽകാറുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വീടുകളുടെ ടെറസ്സിലും കോംപൗണ്ടിനുള്ളിലും കൃഷി ചെയ്യാവുന്ന നടീൽവസ്തുക്കൾ നഗരങ്ങളിൽ വിതരണം ചെയ്യുമോ?

കൃഷിയും കയറും വകുപ്പ് മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ തിരുവനന്തപുരത്ത് 'നഗരത്തിലൊരു നാട്ടിൻപുറം' പരീക്ഷണത്തിനായി തുടങ്ങിയിട്ടുണ്ട്.

(ബി, സി) നഗരപ്രദേശങ്ങളിൽ റസിഡൻഷ്യൽ അസോസിയേഷനുകൾ, സർക്കാരിതരസംഘടനകൾ തുടങ്ങിയവയുടെ സജീവ പങ്കാളിത്തത്തോടെ പച്ചക്കറി, പുഷ്പകൃഷി, മറ്റു വൃക്ഷ തൈകൾ വിതരണത്തിനായി നടീൽവസ്തുക്കളും ജൈവവള കിറ്റുകളും നൽകിവരുന്നുണ്ട്. 25 രൂപ വില വരുന്ന പച്ചക്കറിവിത്തുകളും നടീൽ വസ്തുക്കളടങ്ങിയ കിറ്റ് സബ്സിഡി നിരക്കിൽ 5 രൂപയ്ക്ക് നൽകുന്നു. കൂടാതെ 10 കിലോവീതമടങ്ങിയ ജൈവ വളക്കിറ്റുകൾ 25% സബ്സിഡിയോടെ (സബ്സിഡി 5 രൂപയായി നിജപ്പെടുത്തിക്കൊണ്ട്) അനുവദിച്ചുവരുന്നു. 2002-2003-ൽ നഗരപ്രദേശങ്ങളിൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം കോർപ്പറേഷനിലെ 11 റസിഡൻഷ്യൽ കോളനികൾ കേന്ദ്രമാക്കി നഗരത്തിൽ 'നാട്ടിൻപുറം' എന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ആ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നടീൽ വസ്തുക്കളുടെ വിതരണം സബ്സിഡി നിരക്കിൽ വളം വിതരണം, പരിശീലനം നൽകൽ തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കൃഷി ഫാമുകളിലും മറ്റ് അംഗീകൃത സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന വിത്തുകളും നടീൽ വസ്തുക്കളും കൃഷിഭവൻ വിൽപ്പന കേന്ദ്രം വഴി നഗരങ്ങളിൽ ഇപ്പോൾ വിതരണം ചെയ്തു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly